**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 154** **01-09-2022 - ൽ മറുപടിയ്ക്ക്**

**ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണവും ബോധവത്ക്കരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണവും ബോധവത്ക്കരണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള ഇടപെടലുകൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ രോഗങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും നിർണയിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' എന്ന പേരിൽ ജീവിതശൈലീ രോഗനിയന്ത്രണപദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സയ്ക്കായി വരുന്ന 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാവരെയും പരിശോധന നടത്തുക, രോഗങ്ങൾ കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, രോഗങ്ങളുടെ മൂർദ്ധന്യാവസ്ഥ നേരത്തെ കണ്ടെത്തി തടയുക, രോഗങ്ങൾ വരാതെ സൂക്ഷിക്കുന്നതിന് ആരോഗ്യബോധവൽക്കരണം നടത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. പദ്ധതിയുടെ എല്ലാ വശങ്ങളെയും കുറിച്ചുള്ള വിശദമായ അവലോകനവും ആവശ്യമായ ഇടപെടലുകളും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കൃത്യമായ ഇടവേളകളിൽ നടത്തി വരുന്നു. നവകേരളം കർമ്മപദ്ധതി-2 ന്റെ ഭാഗമായി "അൽപ്പം ശ്രദ്ധ, ആരോഗ്യം ഉറപ്പ്" എന്ന ക്യാമ്പയിന്റെ ഭാഗമായി 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങൾക്കും ജീവിതശൈലി രോഗങ്ങൾ സംബന്ധിച്ച വാർഷിക പരിശോധന നടത്തുന്നതിന് പദ്ധതി നടപ്പിലാക്കുന്നുണ്ട്. തെരഞ്ഞെടുത്ത 140 പഞ്ചായത്തുകളിൽ ആശമാരുടെ സഹകരണത്തോടുകൂടിയാണ് വിവര ശേഖരണം നടത്തുന്നത്.<br><br>ജീവിതശൈലീ രോഗങ്ങൾക്കുള്ള ചികിത്സയും പ്രതിരോധ നടപടികളും ശക്തിപ്പെടുത്താനായി, പ്രത്യേക പരിശോധന പദ്ധതികളും |

| | | | |
|---|---|---|---|
| | | | ചികിത്സാരീതികളും കേരള സർക്കാർ പ്രത്യേക പദ്ധതികൾ മുഖേന - കേരള സംസ്ഥാന ആരോഗ്യ വകുപ്പും കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും ഒത്തു ചേർന്ന് വിവിധ ആരോഗ്യ കേന്ദ്രങ്ങൾ മുഖേനയും സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ മുഖേനയും OP- IP സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്നിവിടങ്ങളിൽ ജീവിതശൈലി രോഗനിർണ്ണയത്തിനും, അതിന്റെ തുടർചികിത്സയ്ക്കുമായുള്ള എൻ.സി.ഡി ക്ലിനിക്കുകൾ എല്ലാ ആഴ്ചയിലും മുടങ്ങാതെ നടന്നു വരുന്നു. ജീവിത ശൈലീ രോഗങ്ങൾ മുഖേനയുണ്ടാകുന്ന സങ്കീർണ്ണതകളെ വേഗത്തിൽ കണ്ടെത്താനായി ഈ ക്ലിനിക്കുകളിൽ നിന്ന് രോഗികളെ മെഡിക്കൽ കോളേജുകളിലേക്ക് റെഫർ ചെയ്യുകയും തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്തു വരുന്നു. ജീവിത ശൈലീ രോഗബാധിതരായി മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടി വരുന്ന എല്ലാ രോഗികൾക്കും അവരുടെ രോഗത്തിന്റെ തരവും തീവ്രതയും അനുസരിച്ച് ഉചിതമായ ഐപി, ഐസിയു, വെൻറിലേറ്റർ കെയർ എന്നിവ ഉൾപ്പെടെ നൽകി വരുന്നു. ജീവിതശൈലീ രോഗങ്ങൾക്ക് ഒ.പിയിൽ ചികിത്സ തേടുന്നവർക്ക് രോഗ നിയന്ത്രണത്തിനാവശ്യമായ ചികിത്സയും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചുള്ള അവബോധവും നൽകി വരുന്നു. മെഡിക്കൽ കോളേജുകളിൽ ജീവിത ശൈലീ രോഗ ചികിത്സയ്ക്കു വേണ്ട എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഒ.പി, ഐ.പി ക്ലിനിക്ക് വഴി രോഗം കണ്ടുപിടിക്കൽ, ചികിത്സ ലഭ്യമാക്കൽ ICU, Ventilator Care, Specialist care എന്നിവ വേണ്ടവർക്ക് അത്തരം ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. ഒ.പിയിൽ വരുന്നവരിൽ ജീവിത ശൈലി രോഗ ബാധയേൽക്കാൻ സാധ്യത കൂടിയവരെ കണ്ടെത്തുകയും വേണ്ട ബോധവൽക്കരണം, സ്ക്രീനിംഗ്, Prevention എന്നിവ നടത്തി വരുന്നു. Patient care സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്. ജീവിത ശൈലി രോഗനിയന്ത്രണവും ബോധവൽക്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തുകയും അത് ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ വിശകലനം നടത്തി വരുകയും ചെയ്യുന്നു. |
| (ബി) | എങ്കിൽ ഇതിന്റെ ഭാഗമായി നടന്നുവരുന്ന അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് എന്ന ക്യാമ്പയിനിന്റെ | (ബി) | നവകേരള കർമപദ്ധതി-2 ന്റെ ഭാഗമായി 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന ക്യാമ്പയിന്റെ |

| | | | |
|---|---|---|---|
| | ഭാഗമായി മുപ്പത് വയസ്സിന് മുകളില്ലുള്ളവരിൽ കണ്ടുവരുന്ന ജീവിതശൈലി രോഗങ്ങൾ നിർണ്ണയിക്കുന്നതിനായി സർവേ നടത്തുന്നതിന് തീരുമാനിച്ചിരുന്നോ; വിശദമാക്കുമോ; | | ഭാഗമായി 30 വയസിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങൾക്കും വാർഷിക ആരോഗ്യപരിശോധന നടത്തുന്നതിന് പദ്ധതി ആരംഭിച്ചു. ഇതിന്റെ ഭാഗമായി തിരഞ്ഞെടുത്ത 140 പഞ്ചായത്തുകളിൽ ആശമാരുടെ സഹകരണത്തോടു കൂടി 30 വയസിന് മുകളില്ലുള്ളവരുടെ ജീവിതശൈലീരോഗങ്ങളെകുറിച്ചും അതിലേക്ക് നയിക്കുന്ന ഹേതുക്കളെ കുറിച്ചും ഒരു സമഗ്ര സർവ്വേ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മൊബൈൽ ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴി ശേഖരിക്കുന്ന ഈ ഡേറ്റയുടെ അടിസ്ഥാനത്തിൽ രോഗം വരാൻ സാധ്യതയുള്ളവരെ കണ്ടെത്തി തൊട്ടടുത്ത ആരോഗ്യസ്ഥാപനങ്ങളിലേക്ക് റഫർ ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിലൂടെ പ്രമേഹം, രക്താതിമർദ്ദം, ബിഎംഐ, ക്യാൻസറുകൾ എന്നിവ കണ്ടെത്തുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ക്യാമ്പയിൻ ആരംഭിച്ച് ഒരുമാസത്തിനകം 10 ലക്ഷം പേരുടെ സ്ക്രീനിംഗ് നടത്തുന്നതിന് ഈ പദ്ധതിയിലൂടെ സാധ്യമായിട്ടുണ്ട്. |
| (സി) | പ്രസ്തുത സർവേ പൂർത്തിയായിട്ടുണ്ടോ; സർവേ പൂർത്തിയായിട്ടുള്ള പ്രദേശങ്ങളിലെ ഫലങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സർവ്വേ ആരംഭിച്ച് ഒരു മാസം പിന്നിടുമ്പോൾ 140 പഞ്ചായത്തുകളിലായി 29% ജനങ്ങളെ സ്ക്രീനിംഗിന് വിധേയമാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിൽ വയനാട് ജില്ലയിൽ 95% പേരെയും ആലപ്പുഴ ജില്ലയിൽ 80% പേരെയും മലപ്പുറം ജില്ലയിൽ 40% പേരെയും സ്ക്രീൻ ചെയ്തിട്ടുണ്ട്. 20% ത്തോളം പേർ റിസ്ക്ക് ഫാക്ടർ ഗ്രൂപ്പിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ 6.3% സ്ത്രീകളെ സ്തനാർബുദം കണ്ടെത്തുന്നതിനായും 1.1% പേരെ ഗർഭാശയഗളാർബുദം കണ്ടെത്തുന്നതിനായും 0.4% പേരെ വദനാർബുദം കണ്ടെത്തുന്നതിനായും ഉള്ള സ്ക്രീനിംഗിനായി റഫർ ചെയ്തിട്ടുണ്ട്. 11% പേർക്ക് രക്താതിമർദ്ദവും 9% പേർക്ക് പ്രമേഹവും 4% പേർക്ക് ഇവ രണ്ടും കൂടി സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ